REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-07-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച ലോക്സഭയിൽ പുനരാരംഭിച്ചു. രാജ്യസഭയിൽ ചർച്ച ഉച്ച കഴിഞ്ഞ്.**
- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഉച്ചയ്ക്ക് രണ്ടുവരെ നിർത്തിവെച്ചു.**
- **ഗവർണർമാരുടേയും രാഷ്ട്രപതിയുടേയും അധികാരങ്ങളിൽ വ്യക്തത തേടിയ രാഷ്ട്രപതിയുടെ റഫറൻസിൽ സുപ്രീകോടതിയിലെ വാദം ഓഗസ്റ്റ് 19ന് ആരംഭിക്കും.**
- **ഛത്തീസ് ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് നീതി കിട്ടും വരെ BJP ഒപ്പം നിൽക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ.**
- **വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിന് നാളെ ഒരാണ്ട്.**
- **ലോക വനിതാ ചെസ് കിരീടം നേടിയ ദിവ്യാ ദേശ്മുഖിനെ പാർലമെന്റിന്റെ ഇരുസഭകളും അഭിനന്ദിച്ചു.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച ലോക്സഭയിൽ പുനരാരംഭിച്ചു. ആഭ്യന്തര മന്ത്രി അമിത് ഷാ- യാണ് ചർച്ചയ്ക്ക് തുടക്കമിട്ടത്. ഇന്നലെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗാണ് ചർച്ച തുടങ്ങിവെച്ചത്.

രാജ്യസഭയിൽ ഉച്ചകഴിഞ്ഞ് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ചർച്ചയ്ക്ക് തുടക്കമിടും. 16 മണിക്കൂറാണ് ചർച്ചയ്ക്ക് സമയം നൽകിയിരിക്കുന്നത്.

പഹൽഗാം ഭീകരാക്രമണത്തിന് ശക്തവും, വ്യക്തവുമായ സന്ദേശം നൽകേണ്ടത് ആവശ്യമായിരുന്നുവെന്ന് ചർച്ചയിൽ പങ്കെടുത്ത വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. അതിർത്തിക്ക് ഇപ്പുറത്തേക്കുണ്ടാകുന്ന ഭീകര പ്രവർത്തന ങ്ങൾക്ക് തക്ക മറുപടിയായിരുന്നു ഓപ്പറേഷൻ സിന്ദൂറെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യ- പാകിസ്ഥാൻ സംഘർഷം അവസാനിപ്പിക്കാൻ അമേരിക്കയുടേതുൾപ്പെടെ ഒരു വിദേശ മധ്യസ്ഥതയും ഉണ്ടായിട്ടില്ലെന്ന് ഡോ. ജയശങ്കർ അറിയിച്ചു.

✪✪✪

രാജ്യസഭ ഇന്നും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തി വെച്ചു. പ്രതിപക്ഷ MP-മാരുടെ ബഹളത്തെ തുടർന്നാണ് സഭാധ്യക്ഷൻ നടപടികൾ നിർത്തി വെച്ചത്. ബിഹാറിലെ വോട്ടർപട്ടിക പുതുക്കൽ അടക്കം വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശൂന്യവേളയിൽ പ്രതിപക്ഷം മുദ്രാവാക്യം വിളിച്ചു. 24 അടിയന്തരപ്രമേയ നോട്ടീസുകൾ ലഭിച്ചിട്ടുണ്ടെന്നും അവ സ്വീകരിക്കാനാവില്ലെന്നും സഭാധ്യക്ഷൻ അറിയിച്ചു. വീണ്ടും ബഹളം തുടർന്ന സാഹചര്യത്തിലാണ് സഭ നിർത്തി വെച്ചത്.

✪✪✪

ഛത്തീസ് ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് നീതി കിട്ടും വരെ BJP ഒപ്പം നിൽക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ന്യൂഡൽഹിയിൽ അറിയിച്ചു. കന്യാസ്ത്രീകൾക്കെതിരായ മതപരിവർത്തന ആരോപണം ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു. തെറ്റിദ്ധാരണയുടെ പേരിലായിരിക്കാം അവിടെ പൊലീസ് കേസെടുത്തതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മതപരിവർത്തനത്തിനെതിരെയും മനുഷ്യക്കടത്തി നെതിരേയും നിയമം നിലനിൽക്കുന്ന സംസ്ഥാനമാണ് ഛത്തീസ്ഗഡ്. കന്യാസ്ത്രീകൾ പോയത് മതപരിവർത്തനത്തിനല്ലെന്ന് BJPക്ക് ഉത്തമ ബോധ്യമുണ്ട്. കോൺഗ്രസ് ഇക്കാര്യത്തിൽ രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുകയാണെന്നും രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി.

✪✪✪

ഛത്തീസ്ഗഡിൽ അറസ്റ്റിലായ സിസ്റ്റർ വന്ദന ഫ്രാൻസിസിന്റെ കണ്ണൂർ ഉദയഗിരി പുല്ലേരിയിലെ വീട് BJP മുൻ സംസ്ഥാന പ്രസിഡന്റ് CK പത്മനാഭനും കണ്ണൂർ നോർത്ത് ജില്ലാ പ്രസിഡന്റ് KK വിനോദ് കുമാറും സന്ദർശിച്ചു. രാവിലെ പതിനൊന്നരയ്ക്കായിരുന്നു സന്ദർശനം.

✪✪✪

2020 ലെ ദേശീയ വിദ്യാഭ്യാസ നയം ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു. രാജ്യത്തെ വിദ്യാലയങ്ങളെ പാഠ പുസ്തകങ്ങളിലോ മാർക്കുകളിലോ മനഃപാഠമാക്കലിലോ മാത്രം ഒതുങ്ങാത്ത ഇടങ്ങളാക്കി മാറ്റുന്നതിന് വ്യക്തമായ രൂപമാതൃകയോടെയാണ് പുതിയ വിദ്യാഭ്യാസ നയം ആരംഭിച്ചത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പഠിതാക്കളെ കേന്ദ്രീകരിക്കുന്നതും, ഭാവിക്ക് ഊന്നൽ നൽകുകയും ചെയ്യുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന് നയം അടിത്തറ പാകി.

✪✪✪

ജമ്മു കാശ്മീരിൽ, ഓപ്പറേഷൻ മഹാദേവിന്റെ ഭാഗമായി മൂന്ന് തീവ്രവാദികളെ വധിച്ചതായി സൈന്യം അറിയിച്ചു. ലിദ്വാസ് വനമേഖലയ്ക്ക് സമീപമായിരുന്നു ഏറ്റുമുട്ടൽ. ഇവരെ തിരിച്ചറിഞ്ഞിട്ടില്ലെന്ന് കശ്മീർ പൊലീസ് ഇൻസ്പെക്ടർ ജനറൽ VK ബേർണി അറിയിച്ചു. മരിച്ച ഭീകരർക്ക്, പഹൽഗാം ഭീകരാക്രമണത്തിൽ പങ്കുള്ളതായാണ് വിവരം.

✪✪✪

ഭരണഘടനയുടെ 200, 201 വകുപ്പുകൾ പ്രകാരം ഗവർണർമാരുടേയും രാഷ്ട്രപതിയുടേയും അധികാരങ്ങൾ സംബന്ധിച്ച് വ്യക്തത തേടിയ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ റഫറൻസിൽ ഓഗസ്റ്റ് 19ന് വാദം കേൾക്കൽ ആരംഭിക്കാൻ സുപ്രീകോടതി തീരുമാനിച്ചു. റഫറൻസിന്റെ സാധ്യതയെക്കുറിച്ച് പ്രാഥമിക എതിർപ്പ് ഉന്നയിക്കാൻ കേരളത്തിനും, തമിഴ്നാടിനും സമയം നൽകാനും സുപ്രീംകോടതി സമ്മതിച്ചു. കേന്ദ്രത്തിന്റെയും അറ്റോർണി ജനറലിന്റെയും വാദം ഓഗസ്റ്റ് 19,20,21,26, തിയതികളിൽ കോടതി കേൾക്കും.

റഫറൻസിനെ എതിർക്കുന്ന കക്ഷികളുടെ വാദം ഓഗസ്റ്റ് 28, സെപ്തംബർ 2, 3, 9 തിയതികളിലായിരിക്കും. ഇതിന് മറുപടിയുണ്ടെങ്കിൽ 10ന് വാദം കേൾക്കും.

✪✪✪

കഴിഞ്ഞ പത്തുവർഷങ്ങളിൽ കർഷകരുടെ വരുമാനവും കാർഷികോത്പാദനവും വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഒട്ടേറെ നടപടികൾ ആവിഷ്കരിച്ചതായി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ലോക്സഭയിൽ പറഞ്ഞു. 2013-14 കാലത്തെ 246 മില്യൺ ടൺ ഭക്ഷ്യധാന്യ ഉത്പാദനത്തിന്റെ സ്ഥാനത്ത് ഇപ്പോൾ ഉത്പാദനം 353 മില്യൺ ടൺ കവിഞ്ഞതായി അദ്ദേഹം അറിയിച്ചു. പയർ, പരിപ്പ് വർഗങ്ങളുടെയും ഉത്പാദനം ഇക്കാലയളവിൽ ഉയർന്ന തോതിലെത്തിയെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഇന്ന് ലോക ORS ദിനം. നിർജ്ജലീകരണത്തിനും വയറിളക്കരോഗങ്ങൾക്കും ഏറെ പ്രയോജനകരമായ ഓറൽ റീ ഹൈഡ്രേഷൻ സൊലൂഷൻ ലോകത്ത് ദശലക്ഷ കണക്കിന് ആളുകളുടെ ജീവൻരക്ഷാ പാനീയം കൂടിയാണ്. അവശ്യ ലവണങ്ങളും ഊർജ്ജവും ശരീരത്തിലെ ജലനഷ്ടവും നിയന്ത്രിക്കാൻ ORS ന് കഴിയും. കുട്ടികളിലെയും മുതിർന്നവരിലേയും വയറിളക്കം വലിയൊരു അളവു വരെ ORS ഉപയോഗിച്ച് പരിഹരിക്കാൻ കഴിയും. ഗ്ലൂക്കോസ്, സോഡിയവും പൊട്ടാസ്യവും അടങ്ങിയ ഉപ്പ്, സോഡിയം സിട്രേറ്റ് എന്നിവയാണ്  ORS ലെ പ്രധാന ഘടകങ്ങൾ.  1971 ലെ ബംഗ്ലാദേശ് വിമോചന യുദ്ധകാലത്ത് ഡോ.ദിലീപ് മഹല നാബിസ് ആണ് ORS വികസിപ്പിച്ചത്. കോളറ ബാധിച്ച ക്യാമ്പുകളിൽ ആയിരങ്ങളുടെ ജീവൻരക്ഷാ പാനീയമായി ORS അന്നുപയോഗിച്ചു.

✪✪✪

ഇന്ത്യയിൽ  58 കടുവാ സങ്കേതങ്ങളും 3,682  കടുവകളും നിലവിലുണ്ടെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദ്രയാദവ് പറഞ്ഞു. കടുവാ സംരക്ഷണത്തിൽ ഇന്ത്യ ലോകത്തെ മികച്ച രാജ്യങ്ങളിലൊന്നായി മാറിക്കഴിഞ്ഞെന്നും അദ്ദേഹം ഡൽഹിയിൽ ആഗോള കടുവാ ദിന ചടങ്ങിൽ വ്യക്തമാക്കി.

✪✪✪

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിന് നാളെ ഒരാണ്ട്. കണ്ണീർ തോരാത്ത ഒരു നാടിന്റെ വേദനയ്ക്ക് ഇനിയും ശമനമായിട്ടില്ല.

വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്......

......വോയ്സ്......

✪✪✪

KPCC പ്രസിഡന്റ് സണ്ണി ജോസഫ് ഉച്ച കഴിഞ്ഞ് കോഴിക്കോട് വിലങ്ങാട് - ഉരുൾപൊട്ടൽ  മേഖലയും, കാട്ടാന  ശല്യം നേരിടുന്ന കാവിലുംപാറയും സന്ദർശിയ്ക്കും.  വൈകിട്ട് വന്യമൃഗപ്രശ്നത്തിൽ സംഘടിപ്പിക്കുന്ന പ്രതിഷേധ സദസ്സിലും അദ്ദേഹം  സംബന്ധിക്കും.

✪✪✪

സംസ്ഥാനത്ത് കാലവർഷം നേരിയ തോതിൽ ദുർബലമായി. ഇന്ന് കാസർകോട്, കണ്ണൂർ ജില്ലകളിൽ ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

കേരള- ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകി.

✪✪✪

കണ്ണൂർ പയ്യന്നൂർ പാലക്കോട് അഴിമുഖത്ത് കഴിഞ്ഞ ദിവസം വള്ളം മറിഞ്ഞ് കാണാതായ മത്സ്യ തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. പയ്യന്നൂർ പുഞ്ചക്കാട് സ്വദേശി P.അബ്രഹാമിന്റെ മൃതദേഹമാണ് രാവിലെ വളപട്ടണം അഴിമുഖം ഭാഗത്ത് കടലിൽ നിന്നും മീൻ പിടുത്തക്കാർ  കണ്ടെത്തിയത്.

✪✪✪

ലോക വനിതാ ചെസ് കിരീടം നേടിയ ദിവ്യാ ദേശ്മുഖിനെ പാർലമെന്റിന്റെ ഇരുസഭകളും അഭിനന്ദിച്ചു. ചാമ്പ്യൻഷിപ്പ് വിജയത്തിലൂടെ ദിവ്യ ദേശ്മുഖ് രാജ്യത്തിന്റെ അഭിമാനം കാത്തുസൂക്ഷിച്ചെന്ന് രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ ഹരിവൻഷ് പറഞ്ഞു.  രാജ്യംമുഴുവൻ ദിവ്യാ ദേശ്മുഖിന്റെ വിജയത്തിൽ ആഹ്ലാദിക്കുകയാണെന്ന് ലോക്സഭയിൽ സ്പീക്കർ ഓം ബിർള പറഞ്ഞു.

✪✪✪

പ്രമുഖ തീർഥാടക കേന്ദ്രമായ കണ്ണൂർ കൊട്ടിയൂർ ശിവക്ഷേത്രത്തിൽ നടപ്പിലാക്കിയ സമഗ്ര വികസന പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരണം  മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ടൂറിസം വകുപ്പിന്റെ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിക്ക് കീഴിൽസംസ്ഥാന ഗവൺമെന്റ്  ഫണ്ടിൽനിന്ന് നാല് കോടി 52 ലക്ഷവും കിഫ്ബി ഫണ്ടിൽനിന്ന് അഞ്ച് കോടി 45 ലക്ഷം രൂപയും ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്.

✪✪✪

നിറപുത്തിരി പൂജകൾക്കായി ശബരിമലയിൽ വൈകിട്ട്  നട  തുറക്കും.  നാളെ പുലർച്ചെ 5.30നും 6.30 നും ഇടയിലാണ്  നിറപുത്തരി പൂജ.

കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ......

....വോയ്സ്....

നിറപുത്തിരി പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്നു  വൈകിട്ട് അഞ്ചിനു തുറക്കും.സന്നിധാനത്ത് നാളെ പുലർച്ചെ 5. 30നും 6.30 നും മധ്യേയുള്ള മുഹൂർത്തത്തിൽ തന്ത്രി കണ്ഠര് രാജീവര്, കണ്ഠര് ബ്രഹ്മദത്തൻ

എന്നിവരുടെ കാർമികത്വത്തിൽ നിറപുത്തരി പൂജ നടക്കും. നെൽക്കതിരുകൾ ആദ്യം കിഴക്കേ മണ്ഡപത്തിലും പിന്നീട് ശ്രീ കോവിലിലും പൂജിച്ചശേഷം ശ്രീകോലിന്റെ മുന്നിലായി കെട്ടും തുടർന്ന് പ്രസാദമായി നെൽക്കതിരുകൾ തീർഥാടകർക്ക് വിതരണം ചെയ്യും. കാർഷിക സമൃദ്ധിയുടെ ആഘോഷമായി വീടുകളിൽ നടന്ന ഇല്ലംനിറയുടെ ഭാഗമായാണ് ക്ഷേത്രങ്ങളിൽ നിറപുത്തരി പൂജ നടന്നിരുന്നതെങ്കിലും ക്രമേണ ഈ അനുഷ്ഠാനം പ്രധാനമായും ക്ഷേത്രങ്ങളിലേക്കു ചുരുങ്ങി. പാടത്തു വിളയും പുന്നെല്ലിനെ വീട്ടിലേക്കു വരവേൽക്കുന്ന ആചാരമാണ് ഇല്ലംനിറ.നെൽകൃഷിയുള്ള വീടുകളിൽ ഈ ദിവസം വീടിന്റെ മുൻപിൽ നെൽക്കതിർ കെട്ടാറുണ്ട്.പാലക്കാട് കൊല്ലങ്കോട്, അച്ചൻകോവിൽ, ആറന്മുള എന്നിവിടങ്ങളിൽ നിന്നുള്ള നെൽക്കതിരുകളാണ് പ്രധാനമായും ഇന്ന് വൈകിട്ട് സന്നിധാനത്ത് എത്തിക്കുക. കൂടാതെ തീർഥാടകരും നെൽക്കതിരുകൾ കൊണ്ടുവരുക പതിവാണ്. 2018ലെ പ്രളയശേഷം സന്നിധാനത്ത് മാളികപ്പുറത്തിനു സമീപത്തായി നിറപുത്തരിപുജയ്ക്കായി നെൽക്ക്യഷി നടത്തിവരുന്നു. ഈ കതിർ കറ്റകളും പൂജയ്ക്കായി എടുക്കാറുണ്ട്.

✪✪✪

ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വിവിധ UG, PG കോഴ്സുകളിൽ പ്രവേശനം ആരംഭിച്ചതായി വൈസ് ചാൻസലർ പ്രൊഫ. Dr. VP ജഗതിരാജ് കണ്ണൂരിൽ അറിയിച്ചു. കേരളത്തിൽ സർവകലാശാലക്ക് 37 പഠന കേന്ദ്രങ്ങൾ ഉണ്ടെന്നും വാർത്താസമ്മേളനത്തിൽ വൈസ് ചാൻസലർ പറഞ്ഞു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*